# കാസർഗോഡു നിന്നു നീര വിപണിയിലേക്ക്

കൊച്ചി: കാസർഗോഡ് നാളികേര ഉത്പാദക കമ്പനി നീര ആരോഗ്യപാനീയവും നീര പഞ്ചസാര, ചക്കര എന്നിവയും ജൂലൈയിൽ വിപണിയിലിറക്കുമെന്ന് കമ്പനി ചെയർമാൻ എം.പി. ബേബി അറിയിച്ചു. പ്രതിദിനം 10,000 ലിറ്റർ നീര സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റിനായി അരയേക്കർ സ്ഥലം വെള്ളരിക്കുണ്ടിൽ കണ്ടെത്തിയിട്ടുണ്ട്. മൂന്നരക്കോടി ചെലവു പ്രതീക്ഷിക്കുന്നു. ജില്ലയിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ട പരമ്പരാഗത ചെത്തുതൊഴിലാളികൾ നാളികേര വികസന ബോർഡിന്റെ വാഴക്കുളത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്നു പരിശീലനം നേടുന്നതോടെ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കും. നീര ചെത്താനുള്ള 1,500 തെങ്ങുകൾ കണ്ടെത്തിയിട്ടുണ്ട്.

ചെത്തുതൊഴിലാളികളെ പരിശീലനത്തിനായി കിട്ടാത്തപക്ഷം കർഷകർ തന്നെ നീര ടെക്നീഷ്യൻ പരിശീലനം നേടി കൃഷിയിടത്തിലെ തെങ്ങുചെത്തി നീര ശേഖരിക്കുന്ന രീതി ആലോചനയിലുണ്ട്. കെഎഫ്സിയുടെ വായ്പയ്ക്കൊപ്പം കമ്പനിയുടെ കീഴിലുള്ള 238 ഉത്പാദക സംഘങ്ങളും ഓഹരിയെടുത്ത് നീര പ്ലാന്റിനും തുടർന്നുള്ള ഉത്പാദനത്തിനുമുള്ള തുക കണ്ടെത്തുമെന്നും അദ്ദേഹം അറിയിച്ചു. ഗൾഫിൽ നിന്നുള്ള വൻകിട കമ്പനികളിൽ നിന്ന് അന്വേഷണങ്ങൾ വന്നുകഴിഞ്ഞു. കമ്പനിയുടെ ഉടമസ്ഥതയിൽ മൂന്നു നഴ്സറികൾ നിലവിലുണ്ട്. ഭാവിയിലെ നീരയുടെ ഉത്പാദനം മുന്നിൽക്കണ്ട് കർഷകർക്കായി തെങ്ങിൻതൈകൾ എത്തിച്ചുകൊടുക്കുമെന്നും ബേബി അറിയിച്ചു.